വിശ്വാസി
ക്രിസ്തീയ വിശ്വാസത്തിന്റെ പ്രതീകം

VOL. 17 No. 12 | PUBLISHED FROM DELHI | PRICE Rs. 3/- | DECEMBER 2013

# എഫ്.എഫ്.സി. 20–ാം ജനറൽ കൺവൻഷൻ ഫെബ്രുവരി 27 മുതൽ മാർച്ച് 2 വരെ

***അടൂർ:*** ഇന്ത്യൻ ക്രിസ്ത്യൻ മിഷന്റെ സഭാവിഭാഗമായ ഫെയ്ത്ത് ഫെല്ലോഷിപ്പ് ചർച്ചിന്റെ 20–ാം ജനറൽ കൺവൻഷൻ 2014 ഫെബ്രുവരി 27 മുതൽ മാർച്ച് 2 വരെ അടൂർ ലോഗോസ് ആഡിറ്റോറിയത്തിൽ വച്ച് വിവിധ പ്രോഗാമുകളോടെ നടക്കും. 27–ാം തീയതി വ്യാഴാഴ്ച വൈകിട്ട് ഫെയ്ത്ത് ഫെല്ലോഷിപ്പ് ചർച്ച് പ്രസിഡന്റ് പാസ്റ്റർ എം. സാമുവൽകുട്ടി കൺവൻഷന്റെ ഉദ്ഘാടനം നിർവ്വഹിക്കും. യോഗങ്ങളിൽ ആത്മനിറവും ദൈവവചനപരിജ്ഞാനവും ഉള്ള ദൈവദാസന്മാർ പ്രസംഗിക്കും. ഫെയ്ത്ത് സീയോൻ സിംഗേഴ്സ് ഗാനശുശ്രൂഷ നിർവ്വഹിക്കും.

ഫെബ്രുവരി 27 മുതൽ മാർച്ച് 1 വരെ എല്ലാദിവസവും വൈകിട്ട് 6 മുതൽ 9 വരെ ലോഗോസ് ആഡിറ്റോറിയത്തിൽ വച്ച് പൊതുയോഗം നടക്കും. ഫെബ്രുവരി 28 ന് ശുശ്രൂഷക സമ്മേളനം ഫെയ്ത്ത് സെലിബ്രേഷൻ ബൈബിൾ കോളജ് ചാപ്പലിൽ നടക്കും. മാർച്ച് 1 ന് ഫെയ്ത്ത് സെലിബ്രേഷൻ ബൈബിൾ കോളജിന്റെ ആറാമത് ബിരുദദാന സമ്മേളനം അടൂർ മാർത്തോമ്മ യൂത്ത് സെന്ററിൽ വച്ച് നടക്കും. ഉച്ചയ്ക്ക് ശേഷം സഭയുടെ പുത്രികാ സംഘടനകളായ സൺഡേസ്കൂൾ, എഫ്. സി. വൈ.എം . എഫ്. സി.ഡബ്ല്യു എ, എഫ്. സി.എം. എഫ് എന്നിവയുടെ സംയുക്ത വാർഷിക സമ്മേളനം നടക്കും. മാർച്ച് 2 ഞയറാഴ്ച രാവിലെ 8 മണിക്ക് സ്നാനത്തിനുള്ള ക്ലാസ്, 9 മണിക്ക് സ്നാന ശുശ്രൂഷ, 10 മണിക്ക് ഫെയ്ത്ത് ഫെല്ലോഷിപ്പ് സഭകളുടെ സംയുക്ത സഭായോഗം ലോഗോസ് ആഡിറ്റോറിയത്തിൽ വച്ച് നടക്കും.

കൺവൻഷന്റെ സുഗമമായ നടത്തിപ്പിനായി കേരളാ റീജൻ കോ-ഓഡിനേറ്റർ പാസ്റ്റർ എബി ജോർജ് ജനറൽ കൺവീനറായുള്ള കമ്മറ്റി പ്രവർത്തനം ആരംഭിച്ചു. പാസ്റ്റർമാരായ മനോജ് തമ്പി (പ്രാർത്ഥന), സുമേഷ് പി. ലാസർ (പബ്ളിസിറ്റി), ബോബി പി. ജോൺ, ബെൻസി ജോർജ് (ക്വയർ), വി.എം. ഏബ്രഹാം (ഫുഡ് & അക്കോമഡേഷൻ ),സാംവില്യം (വോളന്റിയേഴ്സ്), വിനോദ് കെ. (പ്രോഗ്രം) എന്നിവരുടെ നേതൃത്വത്തിൽ വിവിധ കമ്മറ്റികൾ പ്രവർത്തിക്കുന്നു.

# ഗാനസന്ധ്യയും അവയവദാന ബോധവൽക്കരണവും

**എടത്വാ:** സമീപ പ്രദേശങ്ങളിലെ പതിനഞ്ചോളം പെന്തെക്കൊസ്തു സഭകളിലെ യുവജനങ്ങളുടെ സംയുക്ത വേദിയായ യു.പി.വൈ.എമ്മിന്റെ ആഭിമുഖ്യത്തിൽ ഡിസംബർ 21–ന് മ്യൂസിക് നൈറ്റും അവയവദാന– രക്തദാന ബോധവത്ക്കരണവും നടക്കും. സംഗീത ലോകത്തിലെ അതികായന്മാരായ മിസ്മോർ ഹാർമണിക്ക്, തിരുവല്ല സംഗീത ശുശ്രൂഷ നിർവ്വഹിക്കും. ഐഡിയാ സ്റ്റാർ സിംഗറിലെ ഇമ്മാനുവേൽ ഹെന്ററി അതിഥി ഗായകനായി പങ്കെടുക്കും.

സമ്മേളനം ആലപ്പുഴ ഡി. വൈ.എസ്.പി. ജോർജ്ജ് ചെറിയാൻ ഉദ്ഘാടനം ചെയ്യും. തുടർന്ന് അവയവദാന ബോധവത്ക്കരണവുമായി കന്യാകുമാരി മുതൽ കാശ്മീർ വരെ ബൈക്കിൽ പ്രചരണം നടത്തി ജനശ്രദ്ധ ആകർഷിച്ച കൂര്യൻ ചങ്ങനാശേരിയുടെ സന്ദേശവും, ഒറ്റക്ക് രക്തദാന ഡിറക്ടറി പുറത്തിറക്കി ജീവകാരുണ്യ രംഗത്ത് വ്യത്യസ്ത വ്യക്തിത്വമായ ശ്രീ. തോമസ് മാഷ് ചേർത്തലയുടെ രക്തദാന ബോധവത്ക്കരണവും നടക്കുന്നതാണ്. അവയവദാന, രക്തദാന സമ്മതപത്രം സമ്മേളന നഗരിയിൽ സ്വീകരിക്കുന്നതിനുള്ള ക്രമീകരണം ചെയ്തിട്ടുണ്ട്. റവ.റോയി ദാനിയേൽ ക്രിസ്തുമസ് സന്ദേശം നൽകുന്നതാണ്. യു.പി.വൈ.എം. പുറത്തിറക്കുന്ന രക്തദാന ഡിറക്ടറിയുടെ പ്രകാശനവും സമ്മേളനത്തിൽ വച്ച് നിർവ്വഹിക്കും.

# ഫെയ്ത്ത് ലീഡേഴ്സ് ചർച്ച് ഓഫ് ഗോഡ് ജനറൽ കൺവൻഷൻ ജനുവരി 5 – 12 വരെ

കുന്നന്താനം: മധ്യതിരുവിതാംകൂറിലെ പ്രമുഖ പെന്തെക്കൊസ്ത് കൺവൻഷനുകളിലൊന്നായ ഫെയ്ത്ത് ലീഡേഴ്സ് ചർച്ച് ഓഫ് ഗോഡ് 4–ാമത് ജനറൽ കൺവൻഷൻ 2014 ജനുവരി 5 ഞായർ മുതൽ 12 ഞായർ വരെ കുന്നന്താനം പാമല ഫെയ്ത്ത് ലീഡേഴ്സ് കൺവൻഷൻ ഗ്രൗണ്ടിൽ നടക്കും. ഫെയ്ത്ത് ലീഡേഴ്സ് ജനറൽ പ്രസിഡന്റ് റവ. ദാനിയേൽ മാത്യു ഉദ്ഘാടനം ചെയ്യുന്ന കൺവൻഷനിൽ പാസ്റ്റർ റോയി ദാനിയേൽ മാത്യു (ജനറൽ സെക്രട്ടറി), റവ. വത്സൻ ഏബ്രഹാം, പാസ്റ്റർ പി. സി. ചെറിയാൻ, റാന്നി, പാസ്റ്റർ കെ. ജെ. തോമസ്, കുമളി തുടങ്ങിയവർ ദൈവവചനം ശുശ്രൂഷിക്കും. പൊതുയോഗങ്ങൾ, പവ്വർ കോൺഫറൻസ്, ഫ്ളാഗ് & സൺഡേസ്കൂൾ വാർഷിക സമ്മേളനം, ഫെയ്ത്ത് വുമൺസ് വാർഷിക സമ്മേളനം, ബൈബിൾ സ്കൂൾ ഗ്രാജുവേഷൻ, സ്നാനശുശ്രൂഷ, കർത്തൃമേശ, സംയുക്ത സഭായോഗം എന്നിവ കൺവൻഷനിൽ നടത്തപ്പെടും. പാസ്റ്റർ റോയി ദാനിയേൽ മാത്യു ജനറൽ കൺവീനറായി വിപുലമായ കമ്മിറ്റികൾ കൺവൻഷന്റെ അനുഗ്രഹത്തിനായി പ്രവർത്തിച്ചു വരുന്നു. പാസ്റ്റർ സജി ചാത്തങ്കരി (പ്രെയർ), സുവി. ചാർളി ജോൺ (പബ്ലിസിറ്റി), ബ്രദർ രൂഫസ് ഏബ്രഹാം, പാസ്റ്റർ പോൾ കൃഷ്ണൻകുട്ടി, പാസ്റ്റർ പോൾസൺ,

(ശേഷം രണ്ടാം പേജിൽ)

# എഫ്.സി.ഡബ്ല്യു.എ. ഏകദിന സെമിനാർ നടന്നു

***അടൂർ:*** കേരളാ റീജൻ ഫെയ്ത്ത് ക്രിസ്ത്യൻ വിമൻസ് അസോസിയേഷന്റെ ആഭിമുഖ്യത്തിൽ നവംബർ 9–ാം തീയതി ശനിയാഴ്ച മാഞ്ഞാലി ഫെയ്ത്ത് ഫെല്ലോഷിപ്പ് ചർച്ചിൽ വച്ച് ഏകദിന സെമിനാർ നടന്നു. കേരളാ റീജൻ കോഓഡിനേറ്റർ പാസ്റ്റർ എബി ജോർജ് സെമിനാർ ഉദ്ഘാടനം ചെയ്തു. മാതൃശിശു–മാനസിക ശാരീരിക ആരോഗ്യം നല്ല കുടുംബത്തിനായി എന്ന വിഷയത്തെ ആസ്പദമാക്കി സിസ്റ്റർ ലിൻസി ബിജു ക്ലാസ്സെടുത്തു. സിസ്റ്റർ ഫേബാ ബോബി അദ്ധ്യക്ഷയായിരുന്ന സെമിനാറിൽ ബ്രദർ രാജു പി. ആശംസ അറിയിച്ചു. റീജനിലെ വിവിധ സഭകളിൽ നിന്നും സഹോദരിമാർ പങ്കെടുത്തു.

***ഉൾപേജുകളിൽ...***

നൊടിയിടയിലെ ആരോഹണം: പാസ്റ്റർ എം. സാമുവൽകുട്ടി (ഡൽഹി)

വിശ്വാസിയും പരിശുദ്ധാത്മാവും : പാസ്റ്റർ ബിജു തങ്കച്ചൻ (മുംബൈ)

കോരുന്ന ദാഹജലവും കോരാത്ത ജീവജലവും : പാസ്റ്റർ പ്രിൻസ് (ഗാസിയാബാദ്)

യേശുവിനെ കണ്ടെത്തുന്ന ക്രിസ്തുമസ് : പാസ്റ്റർ ബിജു ബഞ്ചമിൻ (അടൂർ)

# കുലുക്കുക! ചാർജ്ജ് ചെയ്യുക!

**പാസ്റ്റർ ഷിബു മാത്യു, കൂത്താട്ടുകുളം**

**വി**വര സാങ്കേതിക വിദ്യയുടെ ആധുനിക പരിവേഷമായ ഇന്റർനെറ്റിന്റെ പുത്തൻ തലമുറയാണ് സോഷ്യൽ നെറ്റുവർക്കുകൾ. അതിന്റെ തനിമയും പുതുമയും ഉൾപ്പെടുത്തി മൾട്ടിമീഡിയാ മൊബൈലുകളിൽ ആൻഡ്രോയിഡ് വേർഷനുകളും വളരെയധികം പുതുമ നൽകുന്ന ഒന്നാണ്. എന്തും ഇന്ന് വിരൽതുമ്പിൽ ഒതുക്കുവാൻ ആൻഡ്രോയിഡ് ആപ്സ്കൾ മത്സരിക്കുന്നു. പുതിയ ബന്ധങ്ങൾ തേടുവാനും, പുതുക്കുവാനും, പരസ്പരം സംസാരിക്കുവാനും, പുതിയ വസ്തുക്കൾ വാങ്ങുന്നതിനും വിൽക്കുന്നതിനും, കാലാവസ്ഥാ പ്രവചനം, ഭാവി പ്രവചനം, ശരീരത്തിന്റെ താപനില നിയന്ത്രിക്കാൻ, ഭക്ഷണരീതികൾ ക്രമീകരിക്കുവാൻ, പ്രോഗ്രാം അപ്സേറ്റർ, ഇൻഡിക്കേറ്റർ തുടങ്ങി നിരവധി, അനവധി ആപ്സുകൾ ആൻഡ്രോയിഡ് വേർഷനിൽ അവതരിപ്പിച്ചിട്ടുണ്ട്. ഇതിന്റെ പെട്ടന്നുള്ള വരവിനെ യുവതലമുറ ആവേശപൂർവ്വമാണ് ഏറ്റെടുത്തത്. കൂട്ടുകുടുംബ വ്യവസ്ഥയിൽ നിന്ന് അണുകുടുംബ വ്യവസ്ഥയിലേക്കുള്ള മാറ്റങ്ങൾ യുവതലമുറയെ ഏകാന്തതയിലേക്ക് മാറ്റി. സംസാരിക്കുവാനും അടുത്തിടപെടാനും തങ്ങളുടെ കാര്യങ്ങൾ പങ്കുവെയ്ക്കുവാനും ആരോഗ്യപരമായ സാഹചര്യം ഇന്നത്തെ കുടുംബങ്ങളിലില്ല. ഉദ്യോഗസ്ഥരായ മാതാപിതാക്കൾ ജോലിക്കുപോകുന്നു. അവർ അവരുടെ പ്രാരാബ്ധങ്ങളിൽ ജീവിക്കുന്നു. സ്നേഹിക്കുവാനും കാര്യങ്ങൾ പങ്കുവെയ്ക്കുവാനും യുവതലമുറ ഇന്ന് സോഷ്യൽ നെറ്റുവർക്കുകളേയും മൊബൈൽ ആപ്സുകളേയും ആശ്രയിക്കുന്നു. എന്നാൽ അതിൽ മറഞ്ഞിരിക്കുന്ന അപകടങ്ങൾ പലപ്പോഴും തിരിച്ചറിയുന്നില്ല.

സിനിമകളിൽ കാണുന്നതുപോലെയുള്ള സുന്ദരമായ പ്രണയവും ജീവിതവും പലപ്പോഴും മുഖംമൂടികളാണെന്നും കാണുന്ന സ്നേഹം വെറും അഭിനയം മാത്രമാണെന്നുള്ള തിരിച്ചറിവ് ഈ തലമുറയ്ക്ക് ലഭിക്കുമ്പോഴേക്കും അവർ തിരിച്ചു കയറുവാൻ കഴിയാത്ത അത്ര ചതിക്കുഴിയിൽ വീണു പോയിരിക്കും. നാം ഇതിൽ നിന്ന് അകലം പാലിച്ചേ മതിയാകു. ഈ ഇടയിൽ ഇറങ്ങിയ പുതിയ ആപ്സ് ആണ് SHAKE & CHARGE. നിങ്ങളുടെ മൊബൈൽ ബാറ്ററിയിൽ ചാർജ്ജ് കുറവാണെങ്കിൽ കുലുക്കി ചാർജ്ജ് ചെയ്യുന്ന രീതി. ഇന്ന് പല തലമുറകളും ഇതിന്റെ പിറകേയാണ്. കാരണം നീണ്ട സംസാരങ്ങൾ പലപ്പോഴും അവരുടെ മൊബൈൽ ബാറ്ററിയുടെ ചാർജ്ജ് കുറക്കുന്നു.

ഇന്നത്തെ ആത്മീയ

(ശേഷം രണ്ടാം പേജിൽ)

2014 ജനുവരി ലക്കം മുതൽ
ഇവാ. ജോൺ സാമുവൽ മണക്കാല
എഴുതുന്ന പുതിയ പംക്തി

## ഉറവ

കാറ്റും കോളും നിറഞ്ഞ ജീവിത ഓട്ടത്തിൽ കൊടുങ്കാറ്റിന്റെ
ഭയാനകമായ വേഗതയിൽ, വിലപിക്കുകയോ പരിതപിക്കുകയോ ചെയ്യാതെ
കാറ്റിനെ എതിർക്കാതെ ഒരു സുഹൃത്തായെണ്ണി കൃപാപൂർണ്ണമായ
ജീവിതം അനുഭവവേദ്യമാക്കിയ ക്രൈസ്തവ രണാങ്കണത്തിലെ
ജയാളികളായ ധീരപോരാളികളുടെ ഉരകല്ലിൽ ഉരച്ചു
മിനുസപ്പെടുത്തിയതിനു തുല്യം കനകകാന്തി
പരത്തുന്ന ജീവിതാനുഭവങ്ങളും സംഭാവനകളും
വായനക്കാർക്കായി ആദരപൂർവ്വം അവതരിപ്പിക്കുന്നു

മറക്കാതെ വായിക്കുക....

പത്രാധിപ ലേഖനം.......

# നൊടിയിടയിലെ ആരോഹണം



ഇന്ത്യയുടെ ചൊവ്വാ പര്യവേഷണ പേടകം വിജയകരമായി ഭൗമ ഭ്രമണപഥത്തിൽ എത്തിക്കാൻ ഇന്ത്യൻ ശാസ്ത്രജ്ഞന്മാർക്ക് സാധിച്ചതോടെ ചരിത്രത്തിലേക്ക് ഇന്ത്യ ആദ്യ ചുവട് വച്ചിരിക്കുന്നു. ചൊവ്വാ പഠനത്തിനുള്ള ഐ.എസ്.ആർ.ഒ ശ്രമത്തിന്റെ ഒന്നാം ഘട്ടമാണ് ഇതോടെ പിന്നിട്ടത്. പേടകം ആറു മാസത്തിലേറെ ചൊവ്വയെ വലംവച്ച് വിവരങ്ങൾ ശേഖരിക്കും. മുൻദൗത്യങ്ങളെ അപേക്ഷിച്ചു കൂടുതൽ സാങ്കേതിക വൈദഗ്ധ്യം ആവശ്യമുള്ള വിക്ഷേപണമാണ് പി.എസ്.എൽ.വി. വിജയകരമായി പൂർത്തിയാക്കിയത്. നാൽപതു കോടി കിലോമീറ്റർ അകലേക്ക്, മൂന്നൂറു ദിവസത്തിലധികം നീണ്ടു നിൽക്കുന്ന ഈ ചൊവ്വാ യാത്ര ലോകത്തിനുമുമ്പിൽ നമ്മുടെ ശാസ്ത്ര-സാങ്കേതിക ശേഷിയുടെ ഒരു പ്രഖ്യാപനമായി മാറ്റപ്പെട്ടു. കഴിഞ്ഞ വർഷം ഓഗസ്റ്റിലാണ് ചൊവ്വാ എന്ന ചുവന്ന ഗ്രഹത്തിലേക്കുള്ള ദൗത്യത്തിന് സർക്കാർ അനുമതി നൽകിയത്. ഡൽഹിയിലെ സ്വാതന്ത്ര്യ ദിന പ്രസംഗത്തിൽ പ്രധാനമന്ത്രി ഇക്കാര്യം പ്രഖ്യാപിച്ചിരുന്നു. ഇതേത്തുടർന്ന് ആയിരം ശാസ്ത്രജ്ഞന്മാരടങ്ങുന്ന സംഘം 15 മാസത്തെ കഠിന ശ്രമം കൊണ്ടു വാനിലെത്തിച്ച മംഗളയാൻ ദൗത്യം ഇന്ത്യയെ ഈ നേട്ടം കൈവരിച്ച വിരലിലെണ്ണാവുന്ന രാജ്യങ്ങളുടെ കൂട്ടത്തിലെത്തിക്കുകയാണ്. ഒട്ടേറെ ലക്ഷ്യങ്ങളുമായി ബഹിരാകാശത്തേക്കു നടത്തുന്ന ഈ സാങ്കേതിക കുതിപ്പിൽ ഇതിനകം ഇന്ത്യ കൈവരിച്ച ബഹിരാകാശ വിജയങ്ങളുടെ മൂല്യമേറിയ തുടർച്ചയുണ്ട്. കഴിഞ്ഞ ജൂലൈയിലാണ് രാജ്യത്തിന്റെ ആദ്യഗതിനിർണ്ണയ ഉപഗ്രഹമായ ഇന്ത്യൻ റീജനൽ നാവിഗേഷൻ സാറ്റലൈറ്റ് സിസ്റ്റം (ഐ.ആർ.എൻ.എസ്.എസ്.) 1-എ വിക്ഷേപിച്ചത്.

ഏറ്റവും കുറച്ചു ചെലവ് ചെയ്ത് നേട്ടങ്ങൾ കൈവരിക്കാൻ കഴിയുന്നതാണ് ഇന്ത്യൻ ബഹിരാകാശ ഗവേഷണത്തിന്റെ പ്രത്യേകത. ഈ ചൊവ്വാദൗത്യത്തിന്റെ മൊത്തം ചെലവ് 450 കോടി രൂപയാണെങ്കിലും വിവിധ രാജ്യങ്ങൾ മുമ്പുനടത്തിയ ചൊവ്വാദൗത്യങ്ങളെ അപേക്ഷിച്ച് ചെലവ് കുറഞ്ഞ പദ്ധതിയാണിത്. ഭാവിഭാരതത്തിന്റെ സമഗ്രപുരോഗതിക്കുള്ള നിക്ഷേപം തന്നെയായി വേണം ഈ പദ്ധതിചെലവിനെ കാണാൻ. ബഹിരാകാശത്ത് ഏറ്റവും മികച്ച ആറു രാജ്യങ്ങളിലൊന്നായി നമുക്ക് മാറാൻ കഴിഞ്ഞത് ഈ രംഗത്തുള്ള നമ്മുടെ ശാസ്ത്രജ്ഞന്മാരുടെ പ്രതിഭാശേഷി കൊണ്ടുതന്നെ. തിരുവനന്തപുരത്തെ വിക്രം സാരാഭായ് സ്പേയ്സ് സെന്ററിൽ വികസിപ്പിച്ചെടുത്ത പി.എസ്.എൽ.വി. ശ്രേണിയിൽപ്പെട്ട വാഹനമുപയോഗിച്ചുള്ള ഇരുപത്തിയഞ്ചാം വിക്ഷേപണത്തിലൂടെയാണ് ചൊവ്വാ പര്യവേഷണ പേടകം വാനിലേക്കുയർന്നത്. 2012-ൽ ആയിരുന്നു ഐ.എസ്.ആർ.ഒയുടെ നൂറാം ദൗത്യമായ പി.എസ്സ്.എൽ.വി-സി 21ന്റെ വിജയം. ഇന്ത്യയുടെ ആദ്യ റോക്കറ്റ് വിക്ഷേപണത്തിന് 50 വയസ്സാകാൻ രണ്ടാഴ്ച മാത്രം ബാക്കി നിൽക്കെയാണ് രാജ്യത്തിന്റെ ബഹിരാകാശ ഗവേഷണത്തിലെ നിർണായക കുതിപ്പായ ചൊവ്വാ പര്യവേഷണ പേടക വിക്ഷേപണം യാഥാർത്ഥ്യമാകുന്നതെന്നതു മറ്റൊരു സന്തോഷം. 1963 നവംബർ 21ന് വൈകിട്ട് 3.45ന് ആയിരുന്നു തുമ്പയിൽ നിന്ന് ഇന്ത്യയുടെ ആദ്യറോക്കറ്റ് വിക്ഷേപണം.

ഈ ചൊവ്വാ ദൗത്യം പി.എസ്.എൽ.വിയുടെ ഏറ്റവും ദൈർഘ്യമേറിയ ദൗത്യമായിരുന്നു. മുൻദൗത്യങ്ങളിൽ വിക്ഷേപിച്ച് 20 മിനിട്ടിനുള്ളിൽ ഉപഗ്രഹത്തെ ഭ്രമണപഥത്തിലെത്തിച്ചിരുന്നുവെങ്കിൽ ഈ പര്യവേഷണവാഹനത്തെ ലക്ഷ്യത്തിലെത്തിച്ചത് 44-ാം മിനിട്ടിൽ. ഇതിനിടെ 20 മിനിട്ടോളം വിക്ഷേപണ വാഹനം റഡാറുകളുടെ പരിധിക്കു പുറത്തായിരുന്നുതാനും. ഈ സങ്കീർണ ദൗത്യത്തിന്റെ വെല്ലുവിളി ഏറ്റെടുത്തു പര്യവേക്ഷണ വാഹനത്തെ നിർദിഷ്ട ഭ്രമണപഥത്തിലെത്തിച്ചു പി.എസ്.എൽ.വി വിശ്വാസ്യത തെളിയിച്ചു. മുമ്പ് പറഞ്ഞതുപോലെ തിരുവനന്തപുരത്തെ വിക്രം സാരാഭായ് സ്പേയ്സ് സെന്ററിലാണ് പി.എസ്.എൽ.വി വികസിപ്പിച്ചത്. രൂപകൽപ്പന മാത്രമല്ല, ഒട്ടുമിക്ക ഘടകങ്ങളുടെയും നിർമ്മാണവും കേരളത്തിൽ തന്നെ. തിരുവനന്തപുരത്തെ ഐ.എസ്.ആർ.ഒ ഇനേർഷ്യൽ സിസ്റ്റംസ് യൂണിറ്റിലാണ് പി.എസ്.എൽ.വിയിൽ ഉപയോഗിക്കുന്ന ഇനേർഷ്യൽ സിസ്റ്റം വികസിപ്പിച്ചത്. പി.എസ്.എൽ.വിയുടെ രണ്ട്, നാല് ഘട്ടങ്ങളിലെ ലിക്വിഡ് പ്രൊപ്പൽഷൻ യൂണിറ്റുകളുടെ നിർമ്മാണം തിരുവനന്തപുരം വലിയമലയിലുള്ള ലിക്വിഡ് പ്രൊപ്പൽഷൻ സിസ്റ്റംസ് സെന്ററിലാണ്. ശാസ്ത്രജ്ഞന്മാരുടെ കൂട്ടത്തിലുള്ള മലയാളി സാന്നിദ്ധ്യം കൂടെ കൂട്ടിവായിക്കുമ്പോൾ പി.എസ്.എൽ.വി ഒരു തനി മലയാളി തന്നെ.

ഏറ്റവും ഒടുവിലത്തെ വിവരമനുസരിച്ച് ഡിസംബർ ഒന്ന് അർദ്ധരാത്രിയിൽ പേടകം ഭൂമിയുടെ ഗുരുത്വാകർഷണവലയം ഭേദിച്ച് ചൊവ്വയിലേക്കുള്ള യാത്ര തുടങ്ങുന്നതിനുള്ള നിർണ്ണായകമായ ആദ്യഘട്ടം വിജയകരമായി പിന്നിട്ടു. ഭൂമിയുടെ ആകർഷണ വലയത്തിൽ നിന്ന് ഉപഗ്രഹത്തെ തിരിച്ചുവിടുന്ന ട്രാൻസ് മാഴ്സ് ഇൻജക്ഷൻ ഘട്ടത്തിൽ ചൈന ഉൾപ്പെടെ പല രാജ്യങ്ങളും പരാജയപ്പെട്ടിരിക്കെയാണ് ഇന്ത്യയുടെ മുന്നേറ്റം. ചുവന്ന ഗ്രഹത്തിലേക്കുള്ള പത്തുമാസയാത്രയുടെ ആരംഭം മാത്രമേ ആയിട്ടുള്ളു എന്നും ഇനിയും പല നിർണ്ണായകഘട്ടങ്ങളും പിന്നിടേണ്ടതുണ്ടെന്നും ഐ.എസ്.ആർ.ഒ പറയുന്നു. ഡിസംബർ മൂന്നിനു ശേഷം പേടകം 9.75 ലക്ഷം കിലോമീറ്റർ താണ്ടി സൗരകേന്ദ്രീകൃത വലയത്തിലേക്ക് പ്രവേശിക്കുന്നതോടെ വേഗം സെക്കന്റിൽ 32.58 കിലോമീറ്ററായി വർദ്ധിപ്പിക്കും. സൗരകേന്ദ്രീകൃത വലയത്തിന്റെ സ്വാധീനത്തിൽ ഉപഗ്രഹത്തിന്റെ ഗതി മാറുകയാണെങ്കിൽ സഞ്ചാരപഥം നേരെയാക്കുന്ന പ്രവർത്തനം ഡിസംബർ 11 മുതൽ ആരംഭിക്കും. ഏപ്രിലിലും ഓഗസ്റ്റിലും സെപ്റ്റംബർ 14നും ഇത് തുടരും. അണ്ഡാകൃതിയിലുള്ള ചൊവ്വാഭ്രമണ പഥത്തിൽ ഉപഗ്രഹത്തെ എത്തിക്കുകയാണ് അടുത്ത നിർണ്ണായക ഘട്ടം. അതിനായി ഇന്ത്യയ്ക്കൊപ്പം ലോകവും ഉറ്റുനോക്കുന്നു.

ഭൂമിയിൽ നിന്ന് നാൽപതു കോടി കിലോമീറ്റർ പത്തുമാസം കൊണ്ട് യാത്ര ചെയ്താണ് ഈ ഉപഗ്രഹം ചൊവ്വാ ഭ്രമണപഥത്തിൽ എത്തും എന്ന് ശാസ്ത്രജ്ഞന്മാർ പ്രത്യാശിക്കുന്നത്. എന്നാൽ യേശു ക്രിസ്തു തന്റെ സഭയെ ചേർക്കാൻ മധ്യാകാശത്തിൽ ആഗതനാകുമ്പോൾ അവനെ കാത്തിരിക്കുന്ന വിശുദ്ധന്മാർ കണ്ണിമയ്ക്കുന്നതിനിടയിൽ രൂപാന്തരപ്പെടുകയും ഞൊടിയിടയിൽ വാനഗോളങ്ങളെ താണ്ടി കർത്താവിനോടു കൂടെ പറന്നുയരുകയും ചെയ്യും എന്നത് എത്രയും വേഗം നിറവേറപ്പെടുവാൻ പോകുകയാണ്. 260 അദ്ധ്യായങ്ങൾ ഉള്ള പുതിയ നിയമത്തിൽ 318 പ്രാവശ്യം യേശുക്രിസ്തുവിന്റെ രണ്ടാം വരവിനെപ്പറ്റി രേഖപ്പെടുത്തിയിരിക്കുന്നു."കർത്താവു താൻ ഗംഭീര നാദത്തോടും പ്രധാന ദൂതന്റെ ശബ്ദത്തോടും ദൈവത്തിന്റെ കാഹളത്തോടും കൂടെ സ്വർഗ്ഗത്തിൽ നിന്ന് ഇറങ്ങിവരികയും ക്രിസ്തുവിൽ മരിച്ചവർ മുമ്പേ ഉയിർത്തെഴുന്നേൽക്കുകയും ചെയ്യും. പിന്നെ ജീവനോടെ ശേഷിക്കുന്ന നാം അവനോടു കൂടെ ഒരുമിച്ച് ആകാശത്തിൽ കർത്താവിനെ എതിരേൽപ്പാൻ മേഘങ്ങളിൽ എടുക്കപ്പെടും; ഇങ്ങനെ നാം എപ്പോഴും കർത്താവിനോടുകൂടെ ഇരിക്കും" (1തെസ്സ.4: 16,17). 'യേശുക്രിസ്തുവിന്റെ മടങ്ങിവരവ്' വിശുദ്ധ ബൈബളിലെ കാതലായ സത്യമാണ്. മറ്റേതു വിഷയത്തെക്കാളും വേദപുസ്തകത്തിൽ വളരെയധികം ഊന്നൽ കൊടുത്തിട്ടുള്ള വിഷയമാണിത്. ബൈബിളിലെ ഓരോ 25 വാക്യത്തിനും ഒരു വാക്യം എന്ന അനുപാതത്തിൽ ക്രിസ്തുവിന്റെ മടങ്ങിവരവിനെപ്പറ്റി പറഞ്ഞിരിക്കുന്നു. കാരണം അത്രമാത്രം പ്രാധാന്യമേറിയ വിഷയമാണിത്. ക്രിസ്തു ജനിക്കുന്നതിന് നൂറ്റാണ്ടുകൾക്കു മുമ്പുതന്നെ ക്രിസ്തുവിനെപ്പറ്റിയുള്ള മിക്ക കാര്യങ്ങളും എഴുതിവെച്ചിരിക്കുന്നു. ക്രിസ്തുവിന്റെ ഒന്നാം വരവിനെക്കുറിച്ച് പറഞ്ഞിരിക്കുന്നതിന്റെ എട്ടിരട്ടി രണ്ടാം വരവിനെക്കുറിച്ച് പറഞ്ഞിരിക്കുന്നു. "പാപം കൂടാതെ തനിക്കായി കാത്തു നിൽക്കുന്നവരുടെ രക്ഷയ്ക്കായി അവൻ രണ്ടാമതും പ്രത്യക്ഷനാകും " (എബ്രാ.9.28). വാനമേഘങ്ങളിൽ അവനെ എതിരേൽപാൻ നാം ഒരുങ്ങിയിട്ടുണ്ടോ? സമയമിനി അധികമില്ല. നൊടിയിടയിൽ നാം വാനഗോളങ്ങളെ താണ്ടുവാൻ സമയം ആഗതമായി...

*- പാസ്റ്റർ എം. സാമുവൽകുട്ടി*

# കുലുക്കുക! ചാർജ്ജ് ചെയ്യുക!

(ഒന്നാം പേജിൽ നിന്നും തുടർച്ച)

ഗോളത്തിലും ഒരു ചാർജ്ജിങ്ങ് ആവശ്യമാണ്. ഇന്നത്തെ സഭകൾ പലതും ഉറങ്ങിയും മയങ്ങിയും ഇരിക്കുന്ന കാലം. പണ്ടുണ്ടായിരുന്ന നല്ല നാളിനെയും ആത്മാക്കളേയും കുറിച്ച് വിലപിക്കുന്ന ഒരു കൂട്ടർ. മറ്റൊരു കൂട്ടർ ആത്മീയ പഴക്കം വന്നതുകൊണ്ട് തണുത്തുറഞ്ഞ് ഇനി ഉണരേണ്ടത് യുവതലമുറയെന്നു പറഞ്ഞ് മയങ്ങുന്നവർ. മറ്റൊരു കൂട്ടർ ആത്മീയത്തിന്റെ പേരു പറഞ്ഞ് ഒന്നിൽ നിന്ന് മറ്റൊന്നിലേക്ക് ചാടുന്നവർ. ഇതിന്റെ എല്ലാം മധ്യത്തിൽ ദൈവത്തിനോ ദൈവവചനത്തിനോ യാതൊരു സ്ഥാനവും നൽകാതെ മുന്നോട്ടു പോകുന്നവരോട് ദൈവവചനം നൽകുന്ന ഉപദേശം ഉറങ്ങുന്നവരേ, ഉണർന്ന് മരിച്ചവരുടെ ഇടയിൽ നിന്ന് എഴുന്നേൽക്ക; എന്നാൽ ക്രിസ്തു നിന്റെ മേൽ പ്രകാശിക്കും (എഫെസ്യർ 5:14). ഇന്നത്തെ ആത്മീയ ഗോളത്തിൽ ഉറങ്ങുന്നവരെ ഉണർത്തുവാൻ പലരീതികൾ പരീക്ഷിക്കുന്നു. നഷ്ടപ്പെട്ട ചാർജ്ജ് വീണ്ടെടുക്കുവാൻ മനുഷ്യൻ ഇന്ന് പല കണ്ടുപിടുത്തങ്ങളിലാണ് ആശ്രയിക്കുന്നത്. ഇതിന്റെ മധ്യത്തിൽ വചനം തക്ക നിർദ്ദേശം നൽകുന്നു. ഉണരുക വീണ്ടും ചാർജ്ജ് ലഭിച്ച് കർത്താവിന്റെ വരവിനായി അനേകരെ ഉണർത്തുക. രാത്രി കഴിവാറായി പകൽ അടുത്തിരിക്കുന്നു, അതുകൊണ്ട് നാം ഇരുട്ടിന്റെ പ്രവൃത്തികളെ വിട്ടുകളഞ്ഞ് വെളിച്ചത്തിന്റെ ആയുധവർഗ്ഗം ധരിച്ചുകൊൾക (റോമ. 13:11).

# ഫെയ്ത്ത് ലീഡേഴ്സ് ജനറൽ കൺവൻഷൻ

(ഒന്നാം പേജിൽ നിന്നും തുടർച്ച)

പാസ്റ്റർ സന്തോഷ് സൈമൺ, പാസ്റ്റർ ജോസ്. സി. ജോസഫ് (ഫുഡ്), പാസ്റ്റർ ജോസഫ് മാത്യു (വോളന്റിയേഴ്സ്), പാസ്റ്റർ പി.ജി വർഗ്ഗീസ് (ട്രാൻസ്പോർട്ടേഷൻ), ഇവാ. പാപ്പച്ചൻ (പന്തൽ), ഇവാ. റജി ദാനിയേൽ മാത്യു (സൗണ്ട്), പാസ്റ്റർ വി.വി ചാക്കോ (റിസപ്ഷൻ), പാസ്റ്റർ മാത്യു ഏബ്രഹാം (സ്റ്റേജ്), പാസ്റ്റർ സജി പരുത്തുംപാറ (ലൈറ്റ്), പാസ്റ്റർ അനീഷ് ഉലഹന്നാൻ (മ്യൂസിക്), പാസ്റ്റർ റെൻജി .ഡി. ബ്ലസ്സൻ (ഫിനാൻസ്), പാസ്റ്റർ പി.റ്റി തോമസ് (വിജിലൻസ്), പാസ്റ്റർ സാം അലക്സ്, പാസ്റ്റർ എം. എ ജോൺ, പാസ്റ്റർ ഷിബു ബഞ്ചമിൻ (ഓഫീസ്), പാസ്റ്റർ ജോൺ ഗമാലിയേൽ, പാസ്റ്റർ ജിജി (രജിസ്ട്രേഷൻ), പാസ്റ്റർ മനോജ് വർഗ്ഗീസ്, പാസ്റ്റർ ജയൻ ഇ.ജെ (പാർക്കിംഗ്), പാസ്റ്റർ പി. ജോൺസൺ (സെക്യൂരിറ്റി), പാസ്റ്റർ തമ്പി പത്രോസ് (അറേജ്മെന്റ്സ്), ബ്രദർ സന്തോഷ് ജോസഫ്, ബ്രദർ സജി മേത്താനം, പാസ്റ്റർ അജയ് ജേക്കബ് (പ്രസ്സ്) എന്നിവർ വിവിധ കമ്മറ്റികൾക്ക് നേതൃത്വം നൽകുന്നു. ഫെയ്ത്ത് ലീഡേഴ്സ് ചർച്ച് ഓഫ് ഗോഡ് അന്തർദേശീയ സംഗീത വിഭാഗമായ മിസ്മോർ ഹാർമണിക് സംഗീത ശുശ്രൂഷ നിർവ്വഹിക്കും.

## പ്രാർത്ഥനക്ക്

ഫെയ്ത്ത് സെലിബ്രേഷൻ ബൈബിൾ കോളജ് പ്രിൻസിപ്പലും ഫെയ്ത്ത് ഫെലോഷിപ്പ് ചർച്ച് കേരളാ റീജൻ കോഓർഡിനേറ്ററും ഇന്ത്യൻ ക്രിസ്ത്യൻ മിഷൻ ജനറൽ സെക്രട്ടറിയുമായ പാസ്റ്റർ ബിജു ബഞ്ചമിൻ എം.എ, എം.ടിഎച്ച്. തന്റെ പിഎച്ച്.ഡി പഠനത്തിനായി ജർമ്മനിയിലെ റേഗൻസ്ബുർഗ്ഗിൽ ആയിരിക്കുന്നു. ദൈവദാസന്റെ പഠനത്തെയും തന്റെ കുടുംബത്തെയും ഓർത്ത് വായനക്കാർ പ്രാർത്ഥിക്കുമല്ലോ.

• • • • • • • • • • • • • • • • • • • • • • • • • • • • • • • •

എഫ്. എഫ്. സി. ലാഡോസരായി സഭയിലെ അംഗമായിരുന്നതും ഇപ്പോൾ കേരളത്തിൽ സ്ഥിരതാമസമാക്കിയിരിക്കുന്നതും ലാഡോസരായി സഭയിലെ സഹോദരി ഷീജാ ജെയിംസിന്റെ ഇളയ സഹോദരിയുമായ ഷീബ (37) കഴിഞ്ഞ 6 മാസമായി രണ്ടു കിഡ്നിയും പ്രവർത്തനരഹിതമായി ആശുപത്രി കിടക്കയിലാണ്. ഇപ്പോൾ ആഴ്ചയിൽ ഒരു തവണ ഡയാലിസിസിന് വിധേയയാകുന്ന ഈ സഹോദരിക്ക് ഒരു കിഡ്നിയെങ്കിലും അടിയന്തിരമായി മാറ്റിവെക്കേണ്ട സാഹചര്യമാണ് വന്നിരിക്കുന്നത്. ഈ സഹോദരിക്ക് 9 വയസ് പ്രായമുള്ള ഒരു മകളും 3 വയസ് പ്രായമുള്ള ഒരു മകനുമുണ്ട്. ഈ സഹോദരിയുടെ വിടുതലിനായി പ്രാർത്ഥിക്കണമെന്നും തങ്ങളാൽ കഴിയുന്ന സാമ്പത്തിക സഹായം സംഭാവന ചെയ്ത് ആ കുടുംബത്തെ സഹായിക്കേണമെന്ന് അഭ്യർത്ഥിക്കുന്നു.

കൂടുതൽ വിവരങ്ങൾക്ക് 09526014510


**വരിസംഖ്യ നിരക്ക്**
**ഒരുവർഷത്തേക്ക്**

| | | |
|---|---|---|
| ഇന്ത്യയിൽ | | :36 രൂപ |
| ഗൾഫ് | | :300 രൂപ |
| യു.എസ് | $ | :10 |
| കാനഡ | $ | :10 |


## ക്ഷണിക്കുന്നു

*വിശ്വാസി*യിൽ പ്രസിദ്ധീകരിക്കുന്നതിന് ലേഖനങ്ങൾ, കവിതകൾ, വാർത്തകൾ, ഭാവനകൾ,ചെറുകഥകൾ എന്നിവ ക്ഷണിച്ചുകൊള്ളുന്നു.

*-പത്രാധിപർ*


**എഡിറ്റോറിയൽ ബോർഡ്**

ചീഫ് എഡിറ്റർ
പാസ്റ്റർ എം. സാമുവൽകുട്ടി

അസ്സോസിയേറ്റ് എഡിറ്റേഴ്സ്
തോമസ് ഡാനിയേൽ
പാസ്റ്റർ ബിജു ബഞ്ചമിൻ
പാസ്റ്റർ ബിനോയി പി. ജോൺ
ഷിബു തമ്പി

പ്രൊഡക്ഷൻ & സർക്കുലേഷൻ മാനേജർ
ചെറിയാൻ ഡാനിയേൽ

ടൈപ്പ് സെറ്റിങ്ങ് : *വിശ്വാസി* ഗ്രാഫിക്സ്, ഡൽഹി

വിശ്വാസി അറിഞ്ഞിരിക്കേണ്ടവ

# വിശ്വാസിയും പരിശുദ്ധാത്മാവും



പാസ്റ്റർ ബിജു തങ്കച്ചൻ
മുംബൈ

ഒരു വിശ്വാസിയുടെ അനുഗ്രഹങ്ങളും വളർച്ചയും വിജയവും ശക്തിയും എല്ലാം അധിഷ്ഠിതമായിരിക്കുന്നത് താൻ പരിശുദ്ധാത്മാവുമായി യഥാർത്ഥ ബന്ധത്തിൽ വസിക്കുന്നുവോ എന്നതിന്റെ അടിസ്ഥാനത്തിലാണ്. നാം ജീവിക്കുന്നത് പരിശുദ്ധാത്മാവിന്റെ യുഗത്തിലാണ്.

കർത്താവായ യേശുക്രിസ്തു ക്രൂശിലെ തന്റെ ബലിമരണത്തിലൂടെ നമ്മുടെ രക്ഷക്ക് അടിസ്ഥാനം ഇട്ടു. എന്നാൽ രക്ഷയുടെ പൂർത്തീകരണം സാധ്യമാകുന്ന നിത്യതയിലേക്ക് നമ്മെ എത്തിക്കുവാൻ പരിശുദ്ധാത്മാവിനെ സഹായിയായി നൽകിയിരിക്കുകയാണ്. ഞാൻ പോകുന്നത് പ്രയോജനം എന്ന് യേശു പറഞ്ഞത് പരിശുദ്ധാത്മാവിന്റെ അവരോഹണത്തോടു കൂടെ വിശ്വാസികൾക്ക് ഉണ്ടാകുന്ന വലിയ പ്രയോജനത്തെ വ്യക്തമാക്കുന്നു.

പരിശുദ്ധാത്മാവ് കേവലം ഒരു ശക്തിയല്ല എന്നും ഒരു വ്യക്തിക്ക് തുല്യമായി നമുക്കുവേണ്ടി പ്രവർത്തിക്കാൻ കഴിയുന്നതാണെന്നും നാം തിരിച്ചറിയണം. യേശുക്രിസ്തു ശിഷ്യഗണത്തോട് പരിശുദ്ധാത്മാവിനെ കുറിച്ച് പറയുമ്പോൾ അവൻ എന്ന പദം ആവർത്തിച്ച് ഉപയോഗിച്ചിരിക്കുന്നു(യോഹന്നാൻ 16:15). ഇവിടെ എകൈനേസ് എന്ന പുല്ലിംഗ നാമമാണ് ഗ്രീക്കിൽ ഉപയോഗിച്ചിരിക്കുന്നത്.

പരിശുദ്ധാത്മാവ് നമ്മിൽ വസിച്ചുകൊണ്ട് വളരെ വലിയ കാര്യങ്ങൾ നമുക്ക് ചെയ്തു തരുന്നു.

***1. നമ്മുടെ ബലഹീനതയ്ക്ക് തുണ നിൽക്കുന്നു (റോമർ 8:26)***

നമ്മുടെ ബലഹീനതകളിൽ സഹതാപം കാണിപ്പാൻ കഴിയുന്ന യേശുക്രിസ്തു എന്ന മഹാപൂരോഹിതനും നമ്മുടെ ബലഹീനതക്ക് തുണ നിൽക്കുന്ന പരിശുദ്ധാത്മാവും നമുക്കുണ്ട്. നാം ചെയ്യുന്ന എല്ലാ പാപങ്ങൾക്കും അല്ല പരിശുദ്ധാത്മാവ് തുണ നിൽക്കുന്നത്. വേണ്ടും പോലെ പ്രാർത്ഥിക്കുവാൻ കഴിയാത്ത നമ്മുടെ ബലഹീനതകൾക്കാണ് തുണ. നാം നമ്മുടെ പരിമിതമായ അറിവിൽ നിന്നുകൊണ്ട് ശരിയെന്നും നല്ലതെന്നും തോന്നുന്ന വസ്തുതകൾക്കായി പ്രാർത്ഥിക്കുമ്പോൾ നമ്മുടെ അറിവില്ലായ്മകൾക്ക് പരിശുദ്ധാത്മാവ് തുണ നിൽക്കും.

***2. പാപം, നീതി, ന്യായവിധി എന്നിവയെ കുറിച്ച് ബോധം വരുത്തുന്നു.***

സകലമനുഷ്യർക്കും അത്യാവശ്യം ബോധം ഉണ്ടാകേണ്ട മൂന്ന് മേഖലകളാണിത്. പാപത്തെയും നീതിയെയും കുറിച്ച് ബോധം ഉണ്ടായാൽ മാത്രമേ പാപം ഒഴിഞ്ഞ് നീതിയോടെ ജീവിക്കാൻ സാധിക്കൂ. ഒരു ന്യായവിധി ഉണ്ടെന്നുള്ള തിരിച്ചറിവാണ് ഈ ലോകജീവിതം ഭയത്തോടെ നയിക്കാൻ സഹായിക്കുന്നത്.

> രക്ഷയുടെ പൂർത്തീകരണം സാധ്യമാകുന്ന നിത്യതയിലേക്ക് നമ്മെ എത്തിക്കുവാൻ പരിശുദ്ധാത്മാവിനെ സഹായിയായി നൽകിയിരിക്കുകയാണ്. പരിശുദ്ധാത്മാവ് കേവലം ഒരു ശക്തിയല്ല എന്നും ഒരു വ്യക്തിക്ക് തുല്യമായി നമുക്കുവേണ്ടി പ്രവർത്തിക്കാൻ കഴിയുന്നതാണെന്നും നാം തിരിച്ചറിയണം

***3. സകല സത്യത്തിലും വഴി നടത്തും.***

ദൈവവചനത്തിന്റെ സനാതന സത്യങ്ങളിലേക്ക് ശ്രദ്ധ തിരിക്കുവാനും സത്യത്തിന്റെ പാതയിൽ സഞ്ചരിക്കുവാനും നമ്മെ സഹായിക്കുന്നത് പരിശുദ്ധാത്മാവാണ്. അസത്യത്തിന്റെയും ഭോഷ്കിന്റെ ആത്മാവായ പിശാചിന്റെ കണികകളിൽ നിന്നും മോചിതരായി വഴിയും സത്യവും ജീവനുമായ യേശുവിന്റെ മാർഗ്ഗത്തിലൂടെ സഞ്ചരിക്കുവാൻ പരിശുദ്ധാത്മ ശക്തി ആവശ്യമാണ്.

***4. ദൈവവേലക്കായി നിയോഗിക്കയും ശക്തി പകരുകയും ചെയ്യുന്നു.***

പരിശുദ്ധാത്മാവ് കർത്തൃവേലക്കായി ഭക്തന്മാരെ നിയോഗിക്കുന്നതായി അപ്പൊസ്തല പ്രവൃത്തികളിൽ കാണുവാൻ സാധിക്കുന്നു. ഉയരത്തിലെ ശക്തി അവരുടെ മേൽ വന്നപ്പോൾ അവർ ശക്തി പ്രാപിച്ചു. സാധാരണക്കാരായ ശിഷ്യന്മാരെ ദൈവത്തിന്റെ ആത്മാവ് അതിശക്തമായി അസാധാരണമായ നിലയിൽ ഉപയോഗിച്ചു. ഭയന്നിരുന്നവരും നിരാശരായിരുന്നവരും പഴയ തൊഴിലിലേക്ക് മടങ്ങിപോയവരുമായ ശിഷ്യഗണത്തെ പരിശുദ്ധാത്മാവിന്റെ അവരോഹണം വ്യത്യസ്ഥരാക്കി തീർത്തു.

ഇന്നും പരിശുദ്ധാത്മാവ് വിശ്വാസികളിൽ വസിച്ചുകൊണ്ട് ഉന്നതമായ പ്രവൃത്തികൾ ചെയ്യുന്നു. പരിശുദ്ധാത്മാവ് നമുക്ക് ഒരു നല്ല കൂട്ടാളിയാണ്.

കഴിഞ്ഞ ചില വർഷങ്ങളിലായി *വിശ്വാസി* മാസികയിൽ 'വിശ്വാസികൾ അറിഞ്ഞിരിക്കേണ്ടവ' എന്ന കോളത്തിൽ ഞാൻ എഴുതിയ ചിന്തകൾ വായനക്കാർക്ക് അനുഗ്രഹമായിരുന്നു എന്ന് കരുതുന്നു. ഇതിന് അവസരം നൽകിയ ദൈവത്തിനും വിശ്വാസി മാസികയുടെ പത്രാധിപ സമിതിക്കും മാന്യ വായനക്കാർക്കും ഹൃദയം നിറഞ്ഞ നന്ദി. നിങ്ങളുടെ പ്രാർത്ഥനയിൽ എന്നെയും ഓർക്കുമല്ലോ. എല്ലാവർക്കും ഹൃദയം നിറഞ്ഞ ക്രിസ്തുമസ് പുതുവത്സരാശംസകൾ.

(സഭാശുശ്രൂഷകൻ, എഴുത്തുകാരൻ, വേദാധ്യാപകൻ, സംഘാടകൻ എന്നീ നിലകളിൽ പ്രവർത്തിക്കുന്ന പാസ്റ്റർ ബിജു തങ്കച്ചൻ (മുംബൈ) ചർച്ച് ഓഫ് ഗോഡ് റൈറ്റേഴ്സ് ഫോറം സെക്രട്ടറിയും കല്ല്യാൺ ചർച്ച് ഓഫ് ഗോഡ് സഭാശുശ്രൂഷകനുമാണ്. )

# കോരുന്ന ദാഹജലം കോരാത്ത ജീവജലം

(നാലാം പേജിൽ നിന്നും തുടർച്ച)

ക്കലും ദാഹിക്കാത്ത വെള്ളവും. ഭൗതികതയിൽ നിന്നും ആത്മീകതയിലേക്ക് ഒരു ചുവടുമാറ്റമാണ്. ഈ വെള്ളം എന്ന് കർത്താവ് പറയുന്നത് ലോകത്തിൽ മനുഷ്യന്റെ തീർത്താൽ തീരാതെ ആവശ്യങ്ങളും അഭിലാഷങ്ങളുമാണ് എന്ന് ന്യായമായി ചിന്തിക്കാം. അതിൽ തെറ്റില്ല എന്നു തന്നെയാണ് എന്റെ ചിന്തയും. കാരണം ഒരിയ്ക്കലും ദാഹിക്കാത്ത വെള്ളത്തിനായി ആഗ്രഹിക്കുന്ന ശമര്യക്കാരിയുടെ ജീവിതം ശരിയായി അപഗ്രഥിക്കുമ്പോൾ അവൾ എത്രമാത്രം ജഡിക ലോക സുഖങ്ങളിൽ ആശ്വാസം തേടി നടന്നവളായിരുന്നു എന്നു മനസ്സിലാകും. തുടർ ചിന്തകളിൽ നമുക്കതു മനസ്സിലാകുന്നതാണ്.

ഈ ലോകത്തിലെ വെള്ളം എന്ന കാര്യത്തിൽ എന്നെ ദീർഘമായി ചിന്തിപ്പിച്ച വിഷയങ്ങൾ വളരെയേറെയുണ്ട്. ഒരിയ്ക്കലും ദാഹിക്കാത്ത വെള്ളം വാഗ്ദത്തം ചെയ്ത് നമ്മെ നിത്യതയിലേക്കു കൈ പിടിച്ചു നടത്തുവാൻ പടിവാതിലിൽ എത്തി നിൽക്കുന്ന കർത്താവിനെ കണ്ടിട്ടും കുടവുമെടുത്തു ലോകത്തിലെ വെള്ളം വാഗ്ദാനം ചെയ്യുന്ന യാക്കോബിന്റെ ഉറവുകളിലേക്ക് ദിനം പ്രതി ഓടിപ്പോകുന്നവർ ആത്മീക മണ്ഡലത്തിൽ സ്വൈര്യവിഹാരം നടത്തുന്നു. മാന്യവായനക്കാർ ക്ഷമിക്കുക! ലോകം എനിക്കു വേണ്ട ലോകത്തിൻ ഇമ്പം വേണ്ട എന്നു അത്യുച്ചത്തിൽ പാടുന്ന ശുശ്രൂഷക വിശ്വാസി വൃന്ദങ്ങൾ തൊട്ടടുത്ത മണിക്കൂറിൽ ഭൗതിക വിഷയത്തിന്റെയും ഫണ്ടിന്റെയും പേരിൽ തമ്മിൽ മറുഭാഷകൾ പറഞ്ഞു പോരാട്ടം നടത്തുന്ന കേളീരംഗങ്ങൾ എത്രയെണ്ണം ആത്മീയ മണ്ഡലത്തിൽ ഉണ്ടെന്നറിയാമോ? അവൻ നമുക്കുവേണ്ടി വാസസ്ഥലമൊരുക്കേണ്ടതിന് ഉയരത്തിൽ പിതാവിന്റെ അടുക്കൽപ്പോയി എന്ന് പ്രാസം കൂട്ടി പ്രസംഗിക്കുന്നവരും അതു കേൾക്കുമ്പോൾ ആത്മീയതയുടെ ഉച്ചസ്ഥായിൽ ഹല്ലേലുയ്യാ എന്നാർത്തു വിളിക്കുന്ന വിശ്വാസികളും ഈ ലോകത്തിൽ നിർമ്മിച്ച വീടുകളുടെ എണ്ണം ഒരു പക്ഷേ നമ്മുടെ വിരലുകളാൽ എണ്ണാൻ പ്രയാസം തോന്നും.

സുവിശേഷ വേലയുടെ മഹിമയെപ്പറ്റി ഘോരഘോരം പ്രസംഗിക്കുന്ന പ്രബോധിപ്പിക്കുന്ന മഹാത്മാക്കൾ സ്വന്തം തലമുറയെ അതിലേക്ക് കൈപിടിച്ചിറക്കാതെ ഭൗതിക മണ്ഡലത്തിൽ ഉയർന്ന സ്ഥാനവും പ്രതിഫലവും ലഭിക്കുന്നിടങ്ങളിലേക്ക് തള്ളിക്കയറ്റുവാൻ അക്ഷീണ പരിശ്രമം ചെയ്യുമ്പോൾ വാക്കുകളും പ്രവൃത്തിയും രണ്ടായി പോകുന്നത് കാണുന്നുണ്ടല്ലോ? വരപ്രാപ്തരും അത്ഭുതത്തിന്റെ വക്താക്കളുമായവർ ഗേഹസിയെപ്പോലെ ദ്രവ്യം സമ്പാദിപ്പാനും വസ്ത്രം ഒലിവ് തോട്ടം, മുന്തിരിത്തോട്ടം ആടുമാടുകൾ ദാസീദാസന്മാർ എന്നീ വക നേടുവാൻ തങ്ങൾ പ്രാപിച്ചതിനെ ദുരുപയോഗം ചെയ്യുന്നതു കാണുമ്പോൾ ആത്മീക ഗോളത്തിൽ ഈ ലോകത്തിലെ വെള്ളത്തിന്റെ സ്വാധീനം എത്രമാത്രം വലുതാണെന്ന് ഓർത്തു പോവുകയാണ്.

ഈ കാലഘട്ടത്തിൽ പലരുടെയും നാവിൽനിന്നും പരിഹാസത്തോടു കൂടി മാത്രം കേൾക്കാൻ സാധിക്കുന്ന ഒന്നാണ് ആരാധനകളിലെ വസ്ത്രധാരണം. ആത്മീയതയുടെയും വേർപാടിന്റെയും പ്രത്യാശയുടെയും ഏറ്റവുമുപരി സമത്വത്തിന്റെ മുഖ്യപങ്കു വഹിച്ചിരുന്ന ഒന്നായിരുന്നു ആരംഭനാളുകളിൽ പിതാക്കന്മാർ സ്വീകരിച്ച ശുഭ്ര വസ്ത്രങ്ങൾ. രക്ഷിക്കപ്പെട്ടവരുടെ മുഖമുദ്രയായിരുന്നു ആ വസ്ത്രങ്ങൾ. എന്നാലോ ഇന്നത്തെ ആരാധനകൾ ഫാഷൻ പരേഡുകൾ നടക്കുന്ന റാമ്പുകൾക്ക് തുല്ല്യമായി. ഇങ്ങനെയൊക്കെ പറയുമ്പോൾ ചിലർക്കെന്നോട് വിരോധം തോന്നാം! എങ്കിലും പറഞ്ഞുപോകുകയാണ്. സൗന്ദര്യം എല്ലാവരിലും ഉണ്ട് പക്ഷേ അതിനെ വർദ്ധിപ്പിക്കാൻ വേണ്ടി കാട്ടിക്കൂട്ടുന്ന പ്രക്രിയകൾ ഈ ലോകത്തിന്റെ ദാഹത്തെ വിളിച്ചറിയിക്കുന്നു. ഒരുവനെ ദൈവം നിർമ്മിച്ചിരിക്കുന്നത് പൂർണ്ണനായിത്തന്നെയാണ്. ആ ഉറപ്പ് ഉണ്ടാകേണ്ടത് ഒരു വിശ്വാസിയ്ക്കാണ്. ലോകമനുഷ്യൻ അതു മനസ്സിലാക്കാറില്ല; ആയതിനാൽ വിശ്വാസിയും പലപ്പോഴും അവരെപ്പോലെ ആയിത്തീരുന്നു. ദൈവം നല്കിയതിനെ പരിപാലിക്കുക എന്നത് നാമോരോരുത്തരുടെയും ഉത്തരവാദിത്വമാണ്. ശരീരവും സൗന്ദര്യവും ദൈവത്തിന്റെ ദാനമാണ്. അതിനെ സൂക്ഷിക്കുമ്പോൾ ദൈവം അതിൽ വസിക്കുന്നു. പക്ഷേ ഇന്ന് പലരും അതിനു രൂപമാറ്റം വരുത്തുന്നു. ദൈവീക പദ്ധതിയെ തകിടം മറിയ്ക്കുന്ന സാത്താന്റെ പ്രവർത്തിയാണ് നാം നമ്മുടെ ശരീരത്തിൽ വരുത്തുന്ന മാറ്റങ്ങൾ; ഉള്ളത് എടുത്ത് മാറ്റുകയും ഇല്ലാത്തത് വച്ച് പിടിപ്പിക്കുകയും ചെയ്യുമ്പോൾ തോൽക്കുന്നത് ദൈവപദ്ധതിയും ജയിക്കുന്നത് സാത്താന്യ പദ്ധതിയും. ഈ ലോകത്തിലെ വെള്ളം കുടിക്കുന്നവന്റെ തീരാത്ത ദാഹത്തിന്റെ മറ്റൊരു പതിപ്പാണത്.

സ്നേഹിതരേ ആത്മീയ മണ്ഡലത്തിലെ പുഴുക്കുത്തുകൾ തന്നെയാണ് നമ്മുടെ ഇടയിൽ വർദ്ധിച്ചുവരുന്ന ലോകത്തിലെ തീരാത്ത ദാഹം. വിസ്താര ഭയത്താൽ വിശദീകരണത്തിനു തുനിയുന്നില്ല. യാക്കോബിന്റെ ഉറവുകൾ വിട്ടിറങ്ങി കർത്താവ് നല്കുന്ന ജീവജലത്തെ പൂർണ്ണതൃപ്തിയോട് പാനം ചെയ്യാം. ലോകത്തിലെഎന്തും പിന്നെയും നമ്മുടെ ദാഹം വർദ്ധിപ്പിക്കും. ആയതിനാൽ കർത്താവിന്റെ വാക്കുകൾക്കു ചെവി കൊടുക്കാം. ദൈവത്തോടു ചേർന്നു നിൽക്കാം. ലോകത്തിന്റെ ഉറവുകൾ ഇവിടെത്തന്നെ ശേഷിക്കട്ടെ.

തുടരും

87, Tenement-II, RBTB Hospital,
Kingsway Camp, Delhi-110009
India

# VISWASI

POSTAL REGN.NO.D L 07 / 0138 / 12 - 14
NEWSPAPER REGN. No. 65362 / 97
Price Rs. 3/-

Tel : 011- 27658810, Fax : 91-11-27658810, e-mail : icm4india@yahoo.com, website- www.indianchristianmission.com

(കഴിഞ്ഞ ലക്കത്തിൽ നിന്നും തുടർച്ച)

## കോരുന്ന ദാഹജലം കോരാത്ത ജീവജലം



പാസ്റ്റർ പ്രിൻസ് പുന്നുച്ചിറകുളത്തിൽ
ഗാസിയാബാദ്

*ഈ വെള്ളം കുടിക്കുന്നവനെല്ലാം പിന്നെയും ദാഹിക്കും*
*(യോഹന്നാൻ 4:13)*

പിതാമഹനായ യാക്കോബ് തന്റെ സന്തതി പരമ്പരകൾക്കും മൃഗജാലങ്ങൾക്കുമായി നിർമ്മിച്ച കിണറിന്റെ കരയിൽ നിന്നുകൊണ്ട് കർത്താവായ യേശു സംശയലേശമന്യേ ആ കിണറ്റിലെ വെള്ളത്തെ ചൂണ്ടി പറയുന്ന വാക്കുകളാണ് മുകളിൽ രേഖപ്പെടുത്തിയിരിക്കുന്നത്. ഭക്തനും നിരവധി വാഗ്ദത്തങ്ങളുടെ ഉടമയുമായ യാക്കോബ് എന്ന ആ മഹത് പുരുഷനേക്കാൾ താങ്കൾ വലിയവനാണോ എന്ന ചോദ്യത്തിന്റെ ഉത്തരം കൂടിയായിരുന്നു ആ പ്രഖ്യാപനം. ഈ ഭൂമിയിൽ ലഭിക്കുന്ന വെള്ളം ഏതു വിശേഷപ്പെട്ട സ്ഥലത്തുനിന്നു കോരി പാനം ചെയ്താലും വീണ്ടും വീണ്ടും ദാഹിക്കും എന്നത് സാമാന്യബുദ്ധിയിൽ ചിന്തിക്കുന്ന ഏതൊരാൾക്കും മനസ്സിലാക്കാൻ സാധിക്കും. കർത്താവായ യേശുവിന്റെ ഐഹിക കാലത്തു അപ്പത്തിനായും വെള്ളത്തിനായും താൻ ഏറെ ആഗ്രഹിച്ച സന്ദർഭങ്ങൾ നമുക്ക് പരിചിതമാണല്ലോ? അപ്പോൾ കർത്താവ് ഇവിടെ ആഗ്രഹിക്കുന്നത് യാക്കോബിന്റെ ഉറവിലെ വെള്ളത്തിൽകൂടി ശമര്യാക്കാരിയെ മറ്റൊരുറവിൽ എത്തിക്കുക എന്നതായിരുന്നു.

വിപ്ലവാത്മകമായ ഒരു പ്രസ്താവന, അതായിരുന്നു ആ വാക്കുകൾ. വെള്ളം ലഭിക്കുന്ന ഒരു സ്രോതസ്, അതു കിണറാകട്ടെ കുളമാകട്ടെ ഇനി ഒരു തടാകം തന്നെയാകട്ടെ, അത് ആര് കുഴിച്ചാലും എവിടെ കുഴിച്ചാലും അതിൽ നിന്ന് വരുന്നത് ദാഹം പെരുകുന്ന വെള്ളം മാത്രമായിരിക്കും എന്ന് കർത്താവ് ശമര്യാക്കാരിയോട് പറയുകയാണ്. ഈ സമയം അവർ രണ്ടു പേരും നിൽക്കുന്ന സ്ഥലത്തെ കിണർ യാക്കോബ് കുഴിച്ചു എങ്കിലും അതിന് മറ്റു കിണറുകളെക്കാൾ വിശേഷമായ പ്രത്യേകതകൾ ഉള്ളതായി എവിടെയും രേഖപ്പെടുത്തിയിട്ടില്ല. അതുകൊണ്ടു തന്നെ യാക്കോബിനെയോ അദ്ദേഹത്തിന്റെ പാരമ്പര്യത്തെയോ വലുതായി കാണിക്കേണ്ടതുമില്ല. ആഴമേറിയ യാക്കോബിന്റെ കിണറ്റിൽ നിന്നും ദിനം പ്രതി കോരികുടിയ്ക്കുന്ന ശമര്യാക്കാരിയ്ക്ക് വീണ്ടും വീണ്ടും അവിടേയ്ക്ക് വരേണ്ടിവരുന്നു. അതിനെ പറ്റി പറയുമ്പോൾ നമ്മുടെ സഭകളിൽ ഉള്ള ചിലരെപ്പറ്റിയെങ്കിലും ഓർത്തു പോകുന്നു. തന്റെ മുൻപിൽ നിൽക്കുന്ന യേശുവിനെപ്പറ്റി വ്യക്തതയില്ലാത്ത ശമര്യാക്കാരി മൺമറഞ്ഞുപോയ യാക്കോബിന്റെ പേര് പറഞ്ഞു ഊറ്റം കൊള്ളുന്നത് പോലെയാണ് നമ്മുടെ ഇടയിലുള്ള ചില വിശ്വാസികൾ. ജീവിതത്തിൽ ലഭിക്കപ്പെട്ട സമയം വേണ്ട വിധത്തിൽ ഉപയോഗിക്കാതെ ഇന്നും പണ്ടെങ്ങോ നടന്ന ചില പ്രവർത്തികളുടെ പേരിൽ, വ്യക്തികളുടെ പേരിൽ വൻകാര്യങ്ങൾ പറഞ്ഞു അഭിമാനം കൊള്ളുമ്പോൾ അവരുടെ ആത്മീക ജീവിതത്തിന്റെ നിലവാരം കണ്ടു മൗനമായി നിൽപ്പാനല്ലാതെ മറ്റൊന്നിനും കഴിയില്ല. കാരണം അവർക്കിന്നും അവരുടെ ചിന്തകളും ആശയങ്ങളും തന്നെയാണ് വലുത്.

> ആത്മീയ മണ്ഡലത്തിലെ പുഴുക്കുത്തുകൾ തന്നെയാണ് നമ്മുടെ ഇടയിൽ വർദ്ധിച്ചുവരുന്ന ലോകത്തിലെ തീരാത്ത ദാഹം. യാക്കോബിന്റെ ഉറവുകൾ വിട്ടിറങ്ങി കർത്താവ് നല്കുന്ന ജീവജലത്തെ പൂർണ്ണതൃപ്തിയോട് പാനം ചെയ്യാം

ഈ വെള്ളം എന്നു കർത്താവ് പറയുന്നത് യാക്കോബിന്റെ ഉറവിനെപ്പറ്റിയായിരുന്നു എന്നു നമുക്കറിയാം. യേശു തുടർന്നു പറയുകയാണ്, ഞാൻ കൊടുക്കുന്ന വെള്ളം കുടിക്കുന്നവന് ഒരു നാളും ദാഹിക്കുകയില്ല. അപ്പോൾ മറ്റൊരു വെള്ളം കർത്താവ് കരുതിയിട്ടുണ്ട് എന്ന് വ്യക്തം. വ്യത്യസ്തമായ രണ്ടു ആശയങ്ങൾ കർത്താവ് അവിടെ തുറന്നു കാട്ടുകയാണ്. ദാഹിക്കുന്ന വെള്ളവും, ഒരി

(ശേഷം മൂന്നാം പേജിൽ)




കോപ്പികൾക്ക് ബന്ധപ്പെടുക: Pr. M. Samuelkutty, Flat no 101, Block -A, 96/E, Ward No: 2, Mehrauli, New Delhi-110 030

### വേദവിചാരം

## യേശുവിനെ കണ്ടെത്തുന്ന ക്രിസ്തുമസ്



പാസ്റ്റർ ബിജു ബഞ്ചമിൻ
അടൂർ

ലോകത്തെല്ലായിടത്തും ജനങ്ങൾ ക്രിസ്തുമസ് ആഘോഷിക്കുവാനുള്ള തിരക്കിലാണ്. എവിടെയും അലങ്കാര വസ്തുക്കളുടെയും ആശംസാ കാർഡുകളുടെയും പ്രദർശനവും വിൽപ്പനയും കാണാം. ഭാരതത്തിൽ നിന്നും ജർമ്മനിയിലെ റേഗൻസ്ബുർഗ്ഗ് എന്ന ഈ പട്ടണത്തിലെത്തി മഞ്ഞു പുതച്ച വഴികളും വീടുകളും അതിഭയങ്കരമായ തണുപ്പുള്ള ദിന രാത്രങ്ങളും ആദ്യമായി അടുത്തറിയുമ്പോൾ അഭൂതപൂർവ്വമായ ആശ്ചര്യവും ഒപ്പം മലയാള നാടിന്റെ ഓർമ്മകൾ ഉണർത്തുന്ന ഗൃഹാതുരതയുടെ ഗദ്ഗദവും ഉള്ളിലുയരുന്നു. ഇവിടുത്തെപ്പോലെയല്ലെങ്കിലും മറ്റൊരു നിലവാരത്തിൽ മലയാളികൾ ആഘോഷിക്കുന്ന ക്രിസ്തുമസിന്റെ ഇത്ര തണുപ്പില്ലാത്ത രാവുകളുടെ സ്മരണ ഉള്ളിൽ സന്തോഷത്തിന്റെ ഊഷ്മളതയേകുന്നു. ഒരു കാര്യം സത്യമാണ്. അവിടെയും ഇവിടെയും ക്രിസ്തുമസ്സ് ഇന്ന് ആഘോഷങ്ങളുടെ മാത്രം അരങ്ങാണ്. ക്രിസ്തുമസ്സ് ദിനങ്ങളിലാണ് പലരും തങ്ങളുടെ പ്രീയപ്പെട്ടവരെ ഓർക്കുന്നത്. അറ്റുപോയ്ക്കൊണ്ടിരിക്കുന്ന ബന്ധങ്ങളെക്കൂട്ടിച്ചേർക്കുന്ന ചരടുകളായി മാത്രം ആശംസാ സന്ദേശങ്ങൾ രൂപപ്പെടുന്നു. ക്രിസ്തുമസ്സ് എന്താണെന്ന് ഇന്ന് ലോകം മറന്നുകൊണ്ടിരിക്കുന്നു. സഹജരെ ഓർക്കുവാൻ നാം ശ്രമിക്കുമ്പോഴും ക്രിസ്തുമസ്സിന്റെ കാരണമായ ക്രിസ്തുവിനെ നാം ഓർക്കാതെ പോകുന്നു. നമ്മുടെ ക്രിസ്തുമസ്സുകളിൽ ക്രിസ്തു ഇല്ലാതെയാകുന്നു.

മഹോന്നതനായ ദൈവം മനുഷ്യരാശിയെ അന്വേഷിച്ചു വന്ന മഹാസംഭവമാണ് ക്രിസ്തുമസ്സ്. അതിക്രമങ്ങളാലും പാപങ്ങളാലും മരിച്ച് ദൈവത്തിൽ നിന്ന് അകന്നുപോയ നമ്മെ സ്വന്തമാക്കി വീണ്ടെടുക്കുവാൻ യേശു തിരു അവതാരമെടുത്തു. മനുഷ്യരാശിക്ക് ലഭിച്ച ഏറ്റവും വലിയ ക്രിസ്തുമസ്സ് സമ്മാനമാണ് യേശു. നിസ്തുല്ല്യമായ അവന്റെ ജനനവും ജീവിതവും മരണവും ഉയർപ്പും നമുക്ക് പാപമോചനത്തിന്റെയും പ്രത്യാശയുടെയും പുതിയ പാത തുറന്നുതന്നു. നാം ദൈവത്തിന്റെ പുത്രന്മാരും പുത്രിമാരുമായി രൂപാന്തരപ്പെട്ടു. അവനെ കൈക്കൊണ്ട് അവന്റെ നാമത്തിൽ വിശ്വസിക്കുന്ന ഏവർക്കും ദൈവമക്കളാകുവാൻ ദൈവം നമുക്ക് ഭാഗ്യം നൽകി. ആ ദൈവത്തെ അന്വേഷിക്കുക എന്നതാണ് നമ്മുടെ ലക്ഷ്യവും ദൗത്യവും. ഓരോ ക്രിസ്തുമസ്സും നമുക്ക് നൽകുന്ന സന്ദേശവും അതുതന്നെയാണ്.

ഹേരോദ് രാജാവിന്റെ കാലത്ത് യേശു യഹൂദ്യയിലെ ബേത്ലഹേമിൽ ജനിച്ച ശേഷം കിഴക്കുനിന്ന് വിദ്വാന്മാർ യെരുശലേമിൽ എത്തി യഹൂദന്മാരുടെ രാജാവായി പിറന്നവൻ എവിടെ? ഞങ്ങൾ അവന്റെ നക്ഷത്രം കിഴക്ക് കണ്ടു അവനെ നമസ്ക്കരിപ്പാൻ വന്നിരിക്കുന്നു എന്ന് പറഞ്ഞു (മത്തായി 2:1-2). അങ്ങനെ കിഴക്കുനിന്നുള്ള രാജാക്കന്മാർ അവനെ അന്വേഷിച്ച് വന്നു. അവരുടെ അന്വേഷണത്തിനിടയിൽ വന്ന തടസ്സങ്ങളെ അതിജീവിക്കുവാൻ ദൈവം അവർക്കു തുണയായി നിന്നു. ഒടുവിൽ അവർ രാജാവായി പിറന്ന യേശുവിനെ താഴ്മയുടെ പുൽക്കൊട്ടാരത്തിൽ കണ്ടെത്തി. ആ കണ്ടെത്തൽ അവരെ ആരാധനയിലേക്ക് നയിച്ചു. തങ്ങൾക്കുള്ള വിലയേറിയ വസ്തുക്കളും തങ്ങളെത്തന്നെയും അവർ ആരാധനയിൽ യേശുവിന്റെ മുമ്പാകെ അർപ്പിച്ചു. അമ്മയായ മറിയയോടും യോസഫിനോടുമൊപ്പം അവർ യേശുവിനെ നമസ്ക്കരിച്ചു. ആ ആരാധന അവരുടെ ജീവിതത്തിന് പുതിയ അർത്ഥം പകർന്നു നൽകി. അവരുടെ ആനന്ദത്തിന് അതിരുകളില്ലായിരുന്നു. ദൈവം നൽകിയ നിർദ്ദേശപ്രകാരം മറ്റൊരു വഴിയായി അവർ സ്വന്തനാട്ടിലേക്ക് മടങ്ങിപ്പോയി.

തിരുപ്പിറവിയുടെ ഈ ദിനങ്ങളിൽ നമുക്ക് ക്രിസ്തുവിനെ അന്വേഷിക്കുവാൻ കഴിയണം. യേശുവിനെ അന്വേഷിച്ചറിയുമ്പോഴാണ് നമ്മുടെ ജീവിതം അർത്ഥവത്തായി തീരുന്നത്. അപ്പോൾ മാത്രമേ ദൈവത്തിന് നമ്മെക്കുറിച്ചുള്ള പദ്ധതികൾ തിരിച്ചറിയുവാൻ നമുക്ക് സാധിക്കുകയുള്ളൂ. നാം ദൈവത്തെ അന്വേഷിക്കുമ്പോൾ അവൻ നമുക്ക് സമീപസ്ഥനാകുന്നു. അവൻ തന്നെത്തന്നെ നമുക്ക് വെളിപ്പെടുത്തി തരുന്നു. ആ അന്വേഷണത്തിൽ നമുക്ക് പലതും ത്യജിക്കേണ്ടതായി വരും. സ്ഥാനങ്ങളും മാനങ്ങളും ഞാനെന്ന ഭാവവും അതിലുൾപ്പെടും. നാം പുതിയ സൃഷ്ടിയായി പണിയപ്പെടുന്ന അനുഭവങ്ങളാണവ. എന്നാൽ ക്രിസ്തു നമ്മുടെ ഉള്ളിൽ എത്തുമ്പോൾ എല്ലാ നഷ്ടങ്ങളും നന്മയായി നമുക്ക് തിരികെ ലഭിക്കുന്നു. ദൈവഹിതം തിരിച്ചറിയുവാൻ നമുക്ക് സാധിക്കുന്നു. യിരെമ്യാവിന്റെ വാക്കുകൾ ഇവിടെ ശ്രദ്ധേയമാണ്. നിങ്ങൾ പ്രത്യാശിക്കുന്ന ശുഭ ഭാവി വരുവാൻ തക്കവണ്ണം ഞാൻ നിങ്ങളെക്കുറിച്ച് നിരൂപിക്കുന്ന നിരൂപണങ്ങൾ ഇന്നവയെന്ന് ഞാൻ അറിയുന്നു. അവ തിന്മയ്ക്കല്ല നന്മക്കത്രേയുള്ള നിരൂപണങ്ങൾ എന്ന് യഹോവയുടെ അരുളപ്പാട്. നിങ്ങൾ എന്നോട് അപേക്ഷിച്ച് എന്റെ സന്നിധിയിൽ വന്നു പ്രാർത്ഥിക്കുകയും ഞാൻ നിങ്ങളുടെ പ്രാർത്ഥന കേൾക്കുകയും ചെയ്യും. നിങ്ങൾ എന്നെ അന്വേഷിക്കും പൂർണ്ണഹൃദയത്തോടെ അന്വേഷിക്കുമ്പോൾ നിങ്ങൾ എന്നെ കണ്ടെത്തും (യിരമ്യാവ് 29:11-13). നാം ദൈവത്തെ യഥാർത്ഥമായി കണ്ടെത്തുമ്പോഴാണ് നമ്മുടെ ജീവിതം ധന്യമാകുന്നത്. ഈ ക്രിസ്തുമസ് നാം ദൈവത്തെ കണ്ടെത്തുന്ന സന്തോഷ ദിനങ്ങളായി മാറട്ടെ. നമ്മുടെ ജീവിതത്തിൽ ക്രിസ്തുവിലൂടെയുള്ള ധന്യത കടന്നു വരട്ടെ. ക്രിസ്തുമസിന്റെ അർത്ഥം യാഥാർത്ഥ്യമായി തീരട്ടെ.

കഴിഞ്ഞ ചില വർഷങ്ങളിലായി വിശ്വാസി മാസികയിൽ 'വേദവിചാരം' എന്ന കോളത്തിൽ ഞാൻ എഴുതിയ ചെറിയ ചെറിയ ചിന്തകൾ വായനക്കാർക്ക് അനുഗ്രഹമായിരുന്നു എന്ന് കരുതുന്നു. ഇതിന് അവസരം നൽകിയ സർവ്വ ശക്തനായ ദൈവത്തിനും വിശ്വാസി മാസികയുടെ പത്രാധിപ സമിതിക്കും മാന്യ വായനക്കാർക്കും ഹൃദയംമായ നന്ദി. ഉപരി പഠനാർത്ഥം ജർമ്മനിയിലായിരിക്കുന്നതിനാൽ ഈ കോളത്തിന് അൽപ്പകാലം വിരാമം. നിങ്ങളുടെ പ്രാർത്ഥനയിൽ എന്നെയും ഓർക്കുമല്ലോ. എല്ലാവർക്കും ഹൃദയം നിറഞ്ഞ ക്രിസ്തുമസ് പുതുവത്സരാശംസകൾ.

Edited, Printed, Published and Owned by Pastor M. Samuelkutty, 87 Tenement-II, RBTB Hospital, Delhi-9, at New Life Printers (P) Ltd, Delhi-9, Tel : 32607442